# പതിമൂന്നാം കേരള നിയമസഭ
## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3773 15/12/2014-ൽ മറുപടിയ്ക്ക്

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ മത്സ്യകൃഷി

| ചോദ്യം<br>ശ്രീ. സി. എഫ്. തോമസ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014-15 സാമ്പത്തിക വർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിലും, കുളങ്ങളിലും നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | (എ) ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലുമായി 2014-15 കാലയളവിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലും നടപ്പിലാക്കി വരുന്നു. |
| (ബി) ഈ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫിഷറീസ് വകുപ്പ് 2012-15 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ മത്സ്യകൃഷി നടത്തിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കറുകച്ചാൽ | - 0.96 ha ജലാശയത്തിൽ, 41 കർഷകർക്കായി, 10200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| മാടപ്പള്ളി | - 0.48 ha ജലാശയത്തിൽ, 10 കർഷകർക്കായി, 5400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| പായിപ്പാട് | - 5.5 ha ജലാശയത്തിൽ, 32 കർഷകർക്കായി, 42400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| തൃക്കൊടിത്താനം | - 0.04 ha ജലാശയത്തിൽ, 2 കർഷകർക്കായി, 400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| കുറിച്ചി | - 15.76 ha ജലാശയത്തിൽ, 31 കർഷകർക്കായി, 118200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| വാഴപ്പള്ളി | - 6.85 ha ജലാശയത്തിൽ, 27 കർഷകർക്കായി, 62700 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | - 3.72 ha ജലാശയത്തിൽ, 40 കർഷകർക്കായി, 27900 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്. |

ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2 ha പ്രദേശത്ത് കരിമീൻ മത്സ്യകൃഷിയ്ക്കായുള്ള സർവ്വേ നടത്തുകയും കരിമീൻ വിത്ത് വിതരണം നടത്തി വരികയും ചെയ്യുന്നു.

സെക്ഷൻ ആഫീസർ